**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3792** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സാങ്കേതിക തസ്തികകൾ ഉൾപ്പെടെ അർഹമായ തസ്തികകളിലേയ്ക്ക് ആശ്രിത നിയമനം നൽകണമെന്ന 07.06.2021 ലെ 12/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | 07.06.2021 ലെ 12/2021/ഉഭപവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ എത്ര ശതമാനം പേർക്ക് ആശ്രിത നിയമന പ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അഞ്ച് ശതമാനത്തിൽ അധികം പേർക്ക് ആശ്രിതനിയമനം വഴി ജോലി നൽകിയത് സംബന്ധിച്ച ആക്ഷേപത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | 24.05.1999 ലെ G.O.(P) 12/99/P&ARD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് ആശ്രിത നിയമനം നടത്തുന്നത്. ഈ ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം മരണമടയുന്ന ജീവനക്കാർ ജോലി ചെയ്തിരുന്ന വകുപ്പിൽ ( മാതൃ വകുപ്പ് ) നിലവിലുള്ളതോ, തൊട്ടടുത്ത് വരുന്നതോ ആയ ഒഴിവിലേക്കാണ് ആശ്രിത നിയമനം നൽകുന്നത്. ഇപ്രകാരം നിയമനം നൽകുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടില്ല. എന്നാൽ ഒരു വകുപ്പിൽ ഒരു വർഷം ഒരു തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകളിലേക്ക് മാത്രമേ ആശ്രിത നിയമനം നൽകാവൂ എന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതിനാൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകളിലേക്ക് മാത്രമേ നിയമനം നടത്താവൂ എന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവീസ് വകുപ്പിൽ ഒരു വർഷം ഉണ്ടാകുന്ന 5% ഒഴിവിലേക്കാണ് ആശ്രിത നിയമനം നടത്തുന്നത്. 2020 ൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ രണ്ടുപേർക്കും, 2021 ൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ രണ്ടുപേർക്കും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രണ്ടുപേർക്കും ആശ്രിത നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ